
# ബൈബിൾ ട്രൂത്ത്

FEBRUARY YEAR: 2023



# THE BIBLE TRUTH

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 40** **February 2023** **No.02**

# എഡിറ്റോറിയൽ

കുറ്റകൃത്യങ്ങൾ ജനപ്പെരുപ്പത്തോടൊപ്പം വർദ്ധിച്ചുവരികയാണ്. ഓരോ രാജ്യത്തിലും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വിഭിന്നമാണ്. അതൊരു രാജ്യത്തു നിലവിലുള്ള ഭരണഘടനയനുസരിച്ചാണ് ശിക്ഷിക്കുന്നതു. അതിനിടയിൽ വിചാരണയും തെളിവെടുപ്പും സാക്ഷികളുടെ വിസ്താരവുമെല്ലാം ഉാകും. അടിസ്ഥാനപരമായി ഇതു തെളിയിക്കുന്നതു പാപം ചെയ്യുന്നവർ ശിക്ഷിക്കപ്പെടണം എന്നാണ്. അതാണ് ബൈബിളിൽ പറയുന്ന പാപത്തിന്റെ ശമ്പളം മരണമെന്നു പറയുന്നത്. ഒരു വിധത്തിൽ പറഞ്ഞാൽ മനുഷ്യരെല്ലാവരും പാപം ചെയ്യുന്നവരാണ്. ചിലതു ദൃശ്യവും മറ്റുചിലതു മനുഷ്യർക്കു അദൃശ്യവുമാണ്. മാനുഷിക ഭരണഘടന ലംഘിക്കുന്നവരെയാണ് മാനുഷിക കോടതി വിധിക്കുന്നത്. ചില വിധികൾ മനുഷ്യർ നടത്തുന്നതു അന്യായവുമാകാം. പക്ഷേ, ദൈവിക കല്പനകൾ ലംഘിക്കുന്നവരെ വിധിക്കുന്നത് ദൈവമാണ്. അവരെ ശിക്ഷിക്കുന്നതും ദൈവമാണ്. കുട്ടികൾ തെറ്റു ചെയ്യുമ്പോൾ മാതാപിതാക്കൾ അവരെ ശാസിക്കയും ശിക്ഷിക്കയും ചെയ്യും. അതു അവരുടെ ഭാവി മോശമാകരുത് എന്നു കരുതിയാണ്: മനുഷ്യരുടെ ഈ ഭൂമിയിലെ ജീവിതം സമാധാനപൂർവ്വം ആകുവാൻ നമ്മുടെ സൃഷ്ടികർത്താവു ആരംഭം മുതൽ നിയമങ്ങൾ നല്കിയിട്ടു്.

ദൈവ നിയമങ്ങളെ ക്രോഡീകരിച്ചാണ് മനുഷ്യർ ഓരോ രാജ്യത്തും ഭരണഘടന ഉാക്കിയിരിക്കുന്നത്. പഴയ നിയമം ഉദാഹരണമായെടുക്കാം. പഴയ നിയമത്തിൽ അന്യോന്യമുള്ള മനുഷ്യരുടെ ബന്ധം ശരിയായി ഇരിക്കേതിനു പത്തു കല്പനകൾ ദൈവം നല്കിയിരുന്നു. അതിൽ മുഖ്യമായി ആളുകൾക്കു ദൈവത്തോടു ഭയവും സ്നേഹവും ഉാകണം. അങ്ങനെ വന്നാൽ പിന്നീടു പറയുന്ന നിയമങ്ങൾ അവർ പാലിക്കും. വിഗ്രഹം ഉാക്കരുത് അവയെ നമസ്കരിക്കയുമരുത് എന്നു കല്പിച്ചിട്ടു്. ആളുകൾ ദൈവ നിയമത്തെ മാനിക്കാതെ വിഗ്രഹങ്ങൾ ഉാക്കുകയും ചെയ്യും അവയെ വണങ്ങുകയും ചെയ്യും. അതു ജീവനുള്ള സത്യദൈവത്തെ കോപിപ്പിക്കും. ജീവനുള്ള ദൈവത്തെ ആരും ത്യജിച്ചു കളയരുത്. കാരണം നമ്മുടെ ദെവം തീഷ്ണതയുള്ള ദൈവമാണ്. അടുത്തതായി പറഞ്ഞിരിക്കുന്നതു ദൈവത്തിന്റെ അധികാരത്തെ എടുക്കരുത് എന്നർത്ഥം. അങ്ങനെ ചെയ്യുന്നവർക്ക് ശിക്ഷ കിട്ടാതിരിക്കയില്ല. ഏഴാം നാളിനെ ആചരിക്കാൻ ദൈവം തന്റെ ജനത്തോടു പറഞ്ഞിരുന്നു. ദൈവം സകലത്തെയും സൃഷ്ടിച്ചു എന്നതു അവർ ഓർക്കണമായിരുന്നു. ദൈവം മനുഷ്യവർഗ്ഗത്തിന്റെ ഉപയോഗത്തിനു വേി അനവധി സൃഷ്ടികർമ്മം നടത്തി. അതു യിസ്രായേൽ മക്കൾ ആചരിക്കണമായിരുന്നു. അടുത്തതായി പറഞ്ഞിരിക്കുന്നതു നീ ഭൂമിയിൽ ദീർഘായുസോടെ ഇരിപ്പാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക, കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കൂട്ടുകാരന്റെ നേരെ കള്ളസാക്ഷ്യം പറയരുത്, കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുത്, കൂട്ടുകാരന്റെ ഭാര്യയെയും അവന്റെ യാതൊന്നിനെയും മോഹിക്കരുത് എന്ന് കല്പിച്ചിരുന്നു.

ഈ കല്പനകളെ വിപുലീകരിച്ചുാക്കിയതാണ് സകല മാനുഷ്യ ഭരണഘടനകളും. എന്നാൽ ചില സ്ഥലങ്ങളിൽ ദൈവ നിയമങ്ങളെ ലംഘിച്ചാൽ പഴയ നിയമത്തിൽ പറഞ്ഞിരുന്ന കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്, എന്നീ തത്വം എടുത്തുകൊ് കുലക്കു പകരം കുല ചെയ്യുന്നു്. അതു ദൈവിക നിയമത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതുകൊാണ്. അടുത്ത സമയത്തു ഇറാക്കിലെ സദ്ദാംഹുസൈനെ തൂക്കിക്കൊന്നു. അതു അയാൾ അനേകം പേരെ മുൻപു കൊന്നു എന്ന പേരിലായിരു

ന്നുവത്രെ. പക്ഷെ ഇതു ദൈവത്തിന്റെ പുതിയ നിയമം നിലനില്ക്കുന്ന കാലഘട്ടമാണ്. കുല ചെയ്യുന്നതു ആരായാലും ദൈവസന്നിധിയിൽ എക്കാലവും പാപമാണ്. എന്തു കാരണത്താൽ ചെയ്താലും അതു ലംഘനം തന്നെയാണ്. പ്രതികാരം മനുഷ്യർക്കുള്ളതല്ല. അനീതിയും അക്രമവും ചെയ്യുന്നവരെ ന്യായമായി ശിക്ഷിക്കുവാൻ ആ വ്യക്തിയെ ദൈവത്തിനു ഏല്പിക്കണം. ജീവൻ എടുക്കുവാൻ അതു നല്കിയവനു മാത്രമെ അധികാരമുള്ളു. അതു നാമെല്ലാം തിരിച്ചറിയണം. കുറ്റകൃത്യങ്ങൾ സമൂഹത്തിൽ കുറക്കുവാൻ ഏക മാർഗ്ഗം ക്രിസ്തുവിന്റെ ഉപദേശങ്ങൾ ആളുകളിൽ എത്തിക്കുകയാണ് വേത്. മറ്റെന്തു മാർഗ്ഗമായാലും അതിനു വിപരീത ഫലമേ ഉാകുകയുള്ളു.

സകല മനുഷ്യരും അവരെല്ലാം തെറ്റുകാരാണ് എന്നു മനസ്സിലാക്കണം. തെറ്റിനു വലിപ്പവ്യത്യാസമില്ല. എന്താണ് പ്രതിവിധി? ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു പുതിയ നിയമ വാക്കുകളെ വിശ്വസിക്കുക, അവൻ അയച്ച യേശുക്രിസ്തു ആണെന്നു വിശ്വസിച്ചു മനസ്സിൽ നിന്നു തെറ്റുകളെ ഉപേക്ഷിക്കയും, ക്രിസ്തു ദൈവപുത്രൻ എന്നു ഏറ്റുപറയുകയും പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്ക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളിൽ അതുവരെ സംഭവിച്ച തെറ്റുകൾ എല്ലാം ദൈവം ക്ഷമിക്കും പിന്നീട് അധർമ്മത്തിലേക്കു തിരിയാതെ ദൈവത്തെ അവന്റെ സഭയിൽ ആരാധിച്ചു അവന്റെ കല്പനകളും വിധികളും പ്രമാണിച്ചു ജീവിച്ചാൽ പിന്നെ നിങ്ങൾക്കു ഒരു ശിക്ഷാവിധിയും ഇല്ല. ദൈവത്തിന്റെ വാഗ്ദാനമാണ് അത്. ആ ഒരു തീരമാനം എടുക്കുവാൻ ധൈര്യം ആർജ്ജിക്കുക. അതാണ് ദൈവേഷ്ടം എന്നു തിരിച്ചറിയുക. ദൈവം നിങ്ങളെ അതിനു ഒരുക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

*

# സ്നാനം എന്തുകൊ് രക്ഷിക്കുന്നു?

**ജെ.സി. ചോട്ട്**

കർത്താവിനെ അനുസരിക്കുമ്പോൾ അതിൽ സ്നാനത്തി

നുള്ള പങ്കിനെക്കുറിച്ചു അധികം പേരും തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. അവരിൽ നിരവധി പേർ സ്നാനത്തിന്റെ പ്രാധാന്യം മനസിലാക്കാത്തവരാണ്. സ്നാനം കൂടാതെ തന്നെ രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് വിശ്വസിക്കുന്നവരുമു്. മാനുഷികമായ ഉപദേശം പാരമ്പര്യമായി ദൈവകല്പനകളെ ദുർബ്ബലമാക്കുന്നു്. തിരുവെഴുത്തുകൾ ഈ വിഷയത്തിലും വ്യക്തത പുലർത്തുന്നു്. ഈ വിഷയവും നാം ആധികാരികമായി വിലയിരുത്തണം. അതിനു ദൈവശ്വാസിയമായ ബൈബിളിൽ പൂർണ്ണമായി വിശ്വസിക്കണം. എങ്കിലേ അതു വായിച്ചു സത്യം ബോധ്യമാകയുള്ളു.

സ്നാനം എന്നതു ദൈവകല്പനയാണ്. സ്നാനം എന്ന വാക്കിന്റെ നിർവ്വചനത്തിൽ തന്നെ അതെന്താണെന്നു വ്യക്തമാക്കുന്നു്. അടക്കം അല്ലെങ്കിൽ നിമഞ്ജനം എന്നാണ്. “സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യപാരാശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു” (കൊലൊസ്യർ 2:12). പൗലൊസ് റോമർക്ക് ലേഖനം എഴുതിയപ്പോൾ പറയുന്നു, “അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടു കൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേതിനു തന്നെ” (റോമർ 6:3, 4).

സ്നാനം അടക്കമാണെന്നു മാത്രമല്ല, അതു വെള്ളത്തിലുള്ള അടക്കമാണെന്നു പറഞ്ഞിരിക്കുന്നു. ഇതിന്റെ നല്ലൊരു ഉദാഹരണം നമുക്കു പ്രവൃത്തികൾ 8-ാം അദ്ധ്യായത്തിൽ കാണാം. അവിടെ ഫിലിപ്പൊസ് എന്ന സുവിശേഷകൻ ഐത്യോപ്യക്കാരനായ ഒരാൾ തിരുവെഴുത്തു സത്യങ്ങൾ പഠിപ്പിച്ചു കഴിഞ്ഞപ്പോൾ ഷണ്ഡൻ സ്നാനമേല്ക്കുവാൻ താല്പര്യം പ്രകടിപ്പിച്ചു. പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. അങ്ങനെ തന്റെ വിശ്വാസം അവൻ എറ്റുപറയുകയും ഇരുവരും വെള്ളത്തിൽ

ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനപ്പെടുത്തുകയും ചെയ്തു. അതിനുശേഷം ഇരുവരും വെള്ളത്തിൽ നിന്നു കയറി. പിന്നെ ഷണ്ഡൻ ഫിലിപ്പൊസിനെ കില്ല; ഷണ്ഡൻ സന്തോഷിച്ചു തന്റെ വഴിക്കു പോയി (പ്രവൃത്തികൾ 8:39).

ഇപ്പോൾ സ്നാനം എന്താണ് എന്ന് നമുക്ക് മനസിലായല്ലോ. ഇനി അതിന്റെ പ്രാധാന്യം എന്തെന്നു നമുക്കു നോക്കാം. ആദ്യ മായി അത് ഒരു ദൈവകല്പനയാണ്. മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റ കർത്താവു തന്റെ ശിഷ്യന്മാർക്കു കല്പന കൊടുത്തു. ലോകത്തിലുള്ള സകല ദേശക്കാർക്കും ഭാഷ ക്കാർക്കും ജാതികൾക്കും ബാധകമാണ് ഈ കല്പന. എല്ലാ വരും യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാകണം. അതിനു രു കാര്യങ്ങൾ മുഖ്യമാണ്. ഒന്ന്, യേശുക്രിസ്തു കല്പിച്ചിട്ടുള്ള കല്പനകൾ ഒക്കെയും പ്രമാണിക്കണം. ര് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാന മേല്ക്കയും വേണം (മത്തായി 28:18–20). ഇതിനെ മാറ്റുവാൻ മനുഷ്യർക്ക് ആർക്കും അധികാരമില്ല. ദൈവമാണ് പരമാധികാരി എന്നോർക്കുക. മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്നു മോചിപ്പിക്കുവാൻ അഥവാ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയു. ആ ദൈവത്തെയാണ് നാം അനുസരിക്കേത്.

യേശുക്രിസ്തു കല്പിച്ചതനുസരിച്ചാണ് പത്രൊസ് യെഹൂദ ന്മാരോട് പ്രസംഗിച്ചത്. അതുകേട്ടു വിശ്വസിച്ചവരോടു പത്രൊസ് പറഞ്ഞതു നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് പാപ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേ ല്പിൻ എന്നാണ്. അവർ അതുകെട്ടു സ്നാനമേറ്റു. കർത്താവു അവരെ രക്ഷിക്കയും തന്റെ സഭയോടു ചേർക്കുകയും ചെയ്തു. ഇതാണ് ആരംഭത്തിൽ നടന്നത്. പിന്നീട് നടക്കുന്ന സ്നാനമെല്ലാം കർത്താവിന്റെ കല്പനകളിലെ ഉദ്ദേശം നിറവേറ്റുന്നതിനായിരുന്നു. കൊർന്നെല്യോസിന്റെ ഭവനത്തിൽ പത്രൊസ് സുവിശേഷം പ്രസംഗിച്ചശേഷം പറയുന്നതു, “നമ്മെപ്പോലെ പരിശുദ്ധാത്മാവു ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചു കൂടാതവണ്ണം വെള്ളം വില ക്കുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു. പത്രൊസ് അവരെ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം കഴിപ്പിപ്പാൻ കല്പിച്ചു” (പ്രവൃത്തികൾ 10:47,48). പിന്നീട് പത്രൊസു പറയുന്നതു സ്നാനം

നമ്മെ രക്ഷിക്കുന്നു എന്നാണ്. നോഹയുടെ കാലത്തു നോഹയും കുടുംബവും വെള്ളത്താൽ രക്ഷപ്രാപിച്ചു, "അതു സ്നാനത്തിനു ഒരു മുൻകുറി. സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു" (1 പത്രൊാസ് 3:21).

യേശു കൊടുത്ത ആജ്ഞയിൽ പറഞ്ഞിരിക്കുന്നതു "വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" എന്നാണ് (മർക്കൊസ് 16:16). ദൈവരാജ്യം എന്ന കർത്താവിന്റെ സഭയിൽ പ്രവേശിക്കണമെങ്കിൽ വെള്ളത്താലും ആത്മാവിനാലും ജനിക്കണം. അതായതു പുതുതായി ജനിക്കണം എന്നർത്ഥം (യോഹന്നാൻ 3:3–5). പാപമോചനത്തിനായി സ്നാനമേല്ക്കുന്നവർക്കു ദൈവം പരിശുദ്ധാത്മാവു എന്ന ദാനം കൊടുക്കും. പാപങ്ങളെ കഴുകി കളയുന്നത് സ്നാനത്താലാണ് (പ്രവൃത്തികൾ 22:16). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ ക്രിസ്തുവിനെ ധരിച്ചിരിക്കയാണ് (ഗലാത്യർ 3:27). യെഹൂദന്മാരോ, യവനന്മാരോ, ദാസന്മാരോ, സ്വതന്ത്രരോ നാം എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു (1 കൊരിന്ത്യർ 12:13). സ്നാനം യേശുക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുവാനാണ്. ആ യാഗം പാപപരിഹാരത്തിനായിരുന്നു. നാം അവന്റെ മരണത്തോടും അടക്കത്തോടും ഉയിർപ്പിനോടും പങ്കാളിയായാലേ ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റപ്പെടുന്നുള്ളു.

ഏ.ഡി. 64-ൽ അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി പറഞ്ഞു, സ്നാനം ഇപ്പോൾ ഒന്ന് എന്ന് (എഫെസ്യർ 4:5). മറ്റു സ്നാനങ്ങൾ ഉായിരുന്നു. പക്ഷെ ഇന്നു പാപമോചനത്തിനു ഏക സ്നാനമേയുള്ളു. പ്രവൃത്തികളുടെ പുസ്തകം മുഴുവൻ പരിശോധിച്ചാൽ പതിനൊന്നു പരിവർത്തന സംഭവങ്ങൾ വിവരിച്ചിരിക്കുന്നതു കാണാം. ഇവരെല്ലാവരും കർത്താവിനെ അനുസരിച്ചവരായിരുന്നു. അവരെല്ലാം യേശു കല്പിച്ചതുപോലെ സ്നാനം ഏറ്റിരുന്നു. ദൈവത്തെ വിശ്വസിച്ചാൽ അവൻ പറഞ്ഞിരിക്കുന്നതു വിശ്വസിക്കും. അങ്ങനെ വിശ്വസിച്ചാൽ അവൻ കല്പിച്ചിരിക്കുന്ന കല്പനകൾ അങ്ങനെതന്നെ അനുസരിക്കും. മനുഷ്യർ എന്തു പഠിപ്പിക്കുന്നുവെന്നോ മനുഷ്യർ എന്തു ചെയ്യുന്നു എന്നോ നോക്കുകയില്ല.

സ്നാനം കൊു മാത്രം രക്ഷ പ്രാപിക്കുമെന്നു ബൈബിളിൽ ഒരു സ്ഥലത്തും പറയുന്നില്ല. വെള്ളരക്ഷയെ ക്കുറിച്ചും ബൈബിൾ പറയുന്നില്ല. നാം മുൻപു കതായി തിരുവെഴുത്തുകളുടെ അടിസ്ഥാനത്തിന്മേലാണ് കർത്താവു രക്ഷിക്കുന്നത്. അതുകൊാണ് ദൈവപദ്ധതിയിൽ ദൈവവചനം എല്ലാവരും കേൾക്കണം എന്നു പറഞ്ഞിരിക്കുന്നത്. കേൾക്കുവാൻ കഴിയാത്തവർക്കു വായിച്ചു ഗ്രഹിക്കാൻ കഴിയുമല്ലൊ. ദൈവത്തിലും യേശുക്രിസ്തുവിലും ആളുകൾ വിശ്വസിക്കേതു തിരുവെഴുത്തിൽ കൂടെയാണ്. യേശുക്രിസ്തു ദൈവ പുത്രനാണെന്നു വിശ്വസിച്ചുകൊ് പാപത്തെ വിട്ടുകളയണം. അതിനു ബൈബിളിൽ പറഞ്ഞിരിക്കുന്നതു മാനസാന്തരം എന്നാണ്. തീരുമാനം ഓരോ വ്യക്തിയും സ്വയമായി എടുക്കണം. അതായതു ആരുടേയും നിർബന്ധത്താൽ അരുത് എന്നർത്ഥം. വാസ്തവത്തിലുള്ള മാനസാന്തരം ഹൃദയങ്ങളിൽ രൂപാന്തരം വരുത്തും. അപ്പോൾ പാപമോചനത്തിന് നാം ദൈവകല്പനയിൽ ആശ്രയിക്കണം. പാപമോചനത്തിന് വേിയുള്ള സ്നാനം ഏല്ക്കുവാൻ വെള്ളത്തിൽ അടക്കം ചെയ്യപ്പെടണം. പാപസംബന്ധമായ ശരീരത്തെയാണ് നാം അടക്കം ചെയ്യേത്. അപ്രകാരം സ്നാനമേറ്റു വെള്ളത്തിൽ നിന്നു കയറിവരുന്ന ഒരാൾ പുതിയ സൃഷ്ടിയായിത്തീരുന്നു. വിശ്വാസം ഇല്ലാതെയാണ് ഇതെല്ലാം ചെയ്യുന്നത് എങ്കിൽ ഫലമില്ല.

വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. ദൈവം തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം നല്കുമെന്ന് നാം വിശ്വസിക്കണം. അതുപോലെയാണ് മാനസാന്തരവും. മാനസാന്തരപ്പെട്ടില്ലെങ്കിൽ നാം നശിച്ചുപോകും (എബ്രായർ 11:6; ലൂക്കോസ് 13:3). കർത്താവു ദൈവപുത്രനാണെന്നു വിശ്വസിച്ചാൽ മാത്രം പോരാ; നാം അതു ഏറ്റുപറയുക കൂടെ ചെയ്യണം. ഇല്ലെങ്കിൽ കർത്താവു നമ്മെയും ഏറ്റുപറയുകയില്ല (മത്തായി 10:32,33). ക്രിസ്തുവിനോടു ചേരുവാൻ, പാപമോചനത്തി നായുള്ള സ്നാനവും രക്ഷക്കുവേിയാണ് കല്പിച്ചിരിക്കുന്നതു. രക്ഷയ്ക്കു ഏതെങ്കിലും ഒന്ന് ആവശ്യമില്ല എന്നു പറയാൻ മനുഷ്യർക്ക് ആർക്കും അവകാശമില്ല. നാം ചെയ്യുന്ന ഏതൊരു പ്രവൃത്തിയായാലും അതിന്റെ ആധികാരികത നാം തിരിച്ചറിയണം.

സ്നാനം കൊു മാത്രമോ സ്നാനം കൂടാതെയോ രക്ഷകിട്ടു മെന്ന് ആര്‍ പറഞ്ഞാലും അതു ലഭിക്കുന്നതല്ല. കാരണം ദൈവം പറഞ്ഞിരിക്കുന്നതു പൂര്‍ണ്ണമായി നാം അംഗീകരിക്കണം (റോമര്‍ 10:17; എഫെസ്യര്‍ 3:3,4; യോഹന്നാന്‍ 8:24; മര്‍ക്കൊസ് 16:16).

അതുകൊ് തിരുവെഴത്തു വെളിപ്പെടുത്തിയിരിക്കുന്ന യാഥാര്‍ത്ഥ്യം നാം തിരിച്ചറിയണം. മനുഷ്യര്‍ എന്തു പഠിപ്പിക്കുന്നുവെന്നോ, ഭൂരിഭാഗം ആളുകള്‍ ചെയ്യുന്നതെന്തെന്നോ നാം നോക്കരുത്. നാം ചെയ്തിരിക്കുന്നതു വചന പ്രകാരമല്ലെങ്കില്‍ ഉടനെ പചനപ്രകാരം ദൈവത്തെ അനുസരിക്കുവാനുള്ള മനസാണ് നമുക്ക് വേത്. നിങ്ങള്‍ വചനാനുസരണം സ്നാനം ഏറ്റിട്ടുോ? ഇല്ലെങ്കില്‍ ഇന്നു തന്നെ ബൈബിള്‍ പറയുന്നതനുസരിച്ചു സ്നാനമേല്ക്കുക. സ്നാനത്തിന്റെ പ്രാധാന്യം മനുഷ്യര്‍ക്കല്ല ദൈവത്തിനാണ് അറിവുള്ളത്. നമുക്ക് ഏറ്റവും നല്ലത് എന്തെന്നു അറിവുള്ള ദൈവം പറഞ്ഞിരിക്കുന്നതു അങ്ങനെ തന്നെ അനുസരിക്കുക. അതിനു ദൈവം നിങ്ങളെ പ്രചോദിപ്പിക്കട്ടെ.

★

# പിശാചിനെ തോല്പിക്കാനുള്ള ഏക മാര്‍ഗ്ഗം

## ഗ്യാരി സി. ഹാംടേണ്‍

ശരിയായി ചിന്തിക്കാന്‍ കഴിയുന്ന ഏതൊരാള്‍ക്കും സംശയലേശമെന്ന്യേ പറയാവുന്ന കാര്യമാണ് സാത്താന്‍ ഇന്നു ജീവിക്കയും പ്രവര്‍ത്തിക്കയും ചെയ്യുന്നു എന്നത്. അക്രമവും ദുഷ്ടതയും നമുക്കു ചുറ്റും വര്‍ദ്ധിച്ചുകൊിരിക്കയാണ്. നമ്മുടെ ടെലിവിഷനില്‍ കൂടെ ദൃശ്യമാകുന്ന കാഴ്ചകള്‍ തന്നെ സാമാന്യ ധാര്‍മ്മികതക്കപ്പുറത്തുള്ളവയാണ്. ക്രിസ്ത്യാനിത്വത്തിന്റെ ശക്തിയെയും ഫലത്തെയും ചോദ്യം ചെയ്യുന്നവര്‍ പോലും ഉ്. ഒരു വെല്ലുവിളിയെ നേരിട്ടുകൊിരിക്കയാണ് എല്ലാവരും. യേശുക്രിസ്തുവില്‍ വിശ്വാസം അര്‍പ്പിച്ചിരിക്കുന്നവര്‍ സത്യത്തില്‍ നിന്നകന്നു പോകുന്നതിനെയും ആളുകള്‍ ചോദ്യം ചെയ്യാറു്. എന്തുകൊാണ് സഭയ്ക്ക് സമൂഹത്തില്‍ ചെലുത്താന്‍ കഴി

യുന്നതിനേക്കാൾ സ്വാധീനം, സഭയിൽ സമൂഹം ചെലുത്തുന്നത്? എന്തുകൊു അനേകം പാപികൾ വെളിച്ചത്തിലേക്കു വരുന്നില്ല?

ഭിന്നത എന്ന ലളിതവും ശക്തവും മരണകരവുമായ ഒരു വാക്കിൽ തട്ടി നില്ക്കുന്നു. അതാണ് ഭിന്നത എന്നത്, ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും കാണാവുന്നതാണ്. മതപരമായ ലോകത്തിൽ കലക്കം ആണ് ഇതുാക്കുന്നത്. ഈ കലക്കം സമാധാന പ്രഭുവിൽ നിന്നുത്ഭവിച്ചതല്ല. ആത്മീയ വരങ്ങളെ കുറിച്ച് അറിവില്ലാതിരുന്ന കൊരിന്ത്യാ സഭക്കു അപ്പൊസ്തലനായ പൗലൊസ്, അതെങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നു്. അവൻ അവരോടു പറഞ്ഞു: പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ് (1 കൊരിന്ത്യർ 14:32-33). ക്രിസ്ത്യാനിത്വത്തെ കലക്കിയിട്ടിരിക്കുന്ന സമൂഹം അതിന്റെ ശക്തിയെയും സ്വാധീനത്തെയും എങ്ങനെ അനുഭവിക്കും?

ഈ ഭിന്നത എന്ന പ്രശ്നത്തിനുള്ള ഏക പരിഹാരം ഐക്യതയാണ്. നമ്മുടെ സമൂഹത്തെ എങ്ങനെയെങ്കിലും മാറ്റിയെടുക്കാൻ സഹായിക്കുകയാണെങ്കിൽ ദൈവഭയമുള്ളവർ ശ്രമിക്കേതു ഈ വിധത്തിലാണ്. നമ്മുടെ സാമാന്യ ബുദ്ധി ദൈവനീതിക്കായി ഉണരണം. ദുഷ്ടനിൽ നിന്നു തന്റെ ശിഷ്യന്മാരെ വിടുവിക്കേതിന്നു; തന്റെ ക്രൂശീകരണത്തിനു മുൻപ് അവർക്കായി പ്രാർത്ഥിക്കുന്നു്. വിശാചിന്റെ തന്ത്രത്തിൽ നിന്നും അവന്റെ ഉപായ പ്രവർത്തനത്തിൽ നിന്നും അവർ വിമുക്തരായിരിക്കേതു ആവശ്യമായിരുന്നു. പിന്നീട് ദൈവവചനം കേട്ട് അനുസരിക്കുവാനിരിക്കുന്നവർക്കു വേിയും അവൻ പ്രാർത്ഥിക്കുന്നു്. അവർക്കു വേി മാത്രമല്ല അവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേതിനു തന്നെ (യോഹന്നാൻ 17:20-21). ലോകത്തുള്ള മനുഷ്യരെ ക്രിസ്തുവിലേക്കു കൊു വരുവാൻ

നമുക്ക് ഐക്യത ആവശ്യമാണ്.. എങ്ങനെ നമുക്ക് ഐക്യത കൈവരിക്കാം?

**ഒരു പൊതു നിർദ്ദേശത്തിന്റെ ഉറവിടം**

ആദ്യമായി എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു നിർദ്ദേശം ആവശ്യമാണ്. “എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉു; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ന്യായവിധി യേശുക്രിസ്തുവിന്റെ വചനാടിസ്ഥാനത്തിലായതിനാൽ അവയാണ് സ്വീകാര്യമായ ഏറ്റവും നല്ല നിർദ്ദേശം. അവന്റെ കല്പനകളും ഉപദേശങ്ങളും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ ഭാഗങ്ങളിൽ കാണാം. “തെയോഫിലോസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലൊ” (പ്രവൃത്തി 1:1). ആകയാൽ പുതിയ നിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങളിൽ യേശുവിന്റെ ഉപദേശങ്ങൾ വ്യക്തമാക്കിയിട്ടു്. അവൻ പഠിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സ്വയമായവയായിരുന്നില്ല. പിതാവിന്റെ ഉപദേശമായിരുന്നു. ശത്രുവിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങാതെ അവനെ പരാജയപ്പെടുത്തുവാൻ ഈ ഉപദേശപ്രകാരമുള്ള ജീവിതമാണാവശ്യം.

പുതിയ നിയമത്തിലെ ശേഷം ഭാഗങ്ങളും ക്രിസ്തുവിന്റെ വചനമായി തന്നെ നാം തിരിച്ചറിയണം. യേശു, അപ്പൊസ്തലന്മാരോടു പറഞ്ഞതു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവർക്കു സകലവും ഉപദേശിച്ചു കൊടുക്കുമെന്നും അവരോടു അവൻ പറഞ്ഞതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യുമെന്നാണ് (യോഹന്നാൻ 14:26; 16:13). നാം ദൈവ സന്നിധിയിൽ കൊള്ളാകുന്നവരായി കാണപ്പെടണമെങ്കിൽ നാം പുതിയ നിയമം ശ്രദ്ധയോടെ വായിച്ച് പഠിച്ച് അനുസരിച്ചു ജീവിക്കുകയും ദൈവത്തെ സേവിക്കയും ചെയ്യണം.

### ഒരേ ഒരു വിശ്വാസം മാത്രം

“നിങ്ങൾക്കു നിങ്ങളുടെ വിശ്വാസം, എനിക്ക് എന്റെ വിശ്വാസം” എന്ന പൊതുവായ ഒരു പ്രസ്താവന നിങ്ങൾ കേട്ടിരിക്കാം. പല വിശ്വാസം ദൈവത്തിൽ നിന്നോ ക്രിസ്തുവിൽ നിന്നോ അപ്പൊസ്തലന്മാരിൽ നിന്നോ ഉത്ഭവിച്ചതല്ല. ദൈവശ്വാസിയരായ അപ്പൊസ്തലന്മാരിൽ നിന്നു നമുക്കു ലഭിച്ചത് ഏക വിശ്വാസമാണ് (എഫെസ്യർ 4:4-5). ഒന്നാം നൂറ്റാിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചുകൊു യൂദയും വിശുദ്ധന്മാർക്കായി ഒരിക്കലായി തന്നിരിക്കുന്ന ഏകവിശ്വാസത്തെ പരാമർശിച്ച് എഴുതിയിട്ടു് (യൂദാ 3). ഒന്നാമത്തെ സുവിശേഷ യാത്രക്കു ശേഷം പൗലൊസും ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ സ്ഥലങ്ങളിൽ ശിഷ്യന്മാരെ ഏക വിശ്വാസത്തിൽ നിലനില്ക്കാൻ ഉത്തേജിപ്പിക്കുന്നു് (പ്രവൃത്തി 14:21-22).

ക്രിസ്തുവിനെ പിൻപറ്റുന്നവർ സ്വീകരിക്കേ വിശ്വാസവും ജീവിത മാതൃകയും, ദൈവശ്വാസീയരായ അപ്പൊസ്തലന്മാരും ലേഖകരും പ്രതിപാദിച്ചിട്ടു്. അതു ആർക്കും മാറ്റാവുന്നതല്ല. എല്ലാവർക്കും ഉള്ള ഏക നിലവാരമാണ് അത്. നിങ്ങൾ ഈ പുതിയ നിയമ വിശ്വാസത്തിൽ ആണോ എന്നു നിങ്ങൾ തന്നെ ശോധന ചെയ്യുക. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉു എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5-6)

★

## യേശു പണിത സഭ

**ജെ.സി. ചോട്ട്**

സഭയെ സംബന്ധിച്ചു ധാരാളം തെറ്റിദ്ധാരണകൾ പരന്നിട്ടു്. ഒരുപക്ഷെ നാമധേയ വിഭാഗങ്ങളുടെ വർദ്ധനവാകാം അതിന്റെ ഒരു കാരണം. ദുരുപദേശങ്ങൾ മനുഷ്യഹൃദയങ്ങളെ കലക്കിയിട്ടിരിക്കുകയാണ്. സഭയുടെ പ്രാധാന്യം എടുത്തുകളയുക എന്ന ഉദ്ദേശത്തോടെ ജനങ്ങളിൽ ആശയകുഴപ്പം ഉാക്കിയിരിക്കയാണ് സാത്താൻ. മതപരമായ സംഘടനകളും സമുദായങ്ങളും അതിന് ഉത്തരവാദികളാണ്. ദൈവിക അജ്ഞതയു

ള്ളവരെയും അലസരെയും സാത്താൻ അവന്റെ ഉദ്ദേശം നിറവേറ്റുവാൻ ഉപയോഗിച്ചുകൊിരിക്കയാണ്.

പല പേരുകളിൽ അറിയപ്പെടുന്ന വിവിധ സഭകൾ എല്ലായിടത്തും കാണപ്പെടുന്നു് എന്നു നമുക്ക് അറിയാം. എന്നാൽ അവയെക്കുറിച്ചു വിശദമായി ചർച്ച ചെയ്യാൻ നമുക്കു സമയമോ സ്ഥലമോ മതിയാവുകയില്ല. പകരം നമുക്കു ബൈബിളിലെ പുതിയ നിയമത്തിലേക്കു തിരിഞ്ഞു തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന യേശു പണിതതായ സഭയെ കത്തൊം. സഭയെ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന യഥാർത്ഥ ചിത്രം നമുക്കു കിട്ടിയാൽ നമ്മുടെ തെറ്റിദ്ധാരണ മാറും. ആ സത്യസഭയെ നാം തിരിച്ചറിഞ്ഞാൽ, അതിൽ എങ്ങനെ അംഗങ്ങളായി തീരാമെന്നറിഞ്ഞാൽ, കർത്താവിന്റെ ഹിതപ്രകാരം നമുക്ക് അതിൽ പ്രവേശിക്കാൻ കഴിയും. നാം തെറ്റിനെ ശരി എന്നു വിശ്വസിച്ചാൽ അതു ശരിയാകണമെന്നില്ല. അതുപോലെ തെറ്റായ ഒരു സഭ ശരിയായിരിക്കും എന്നു നാം ഊഹിക്കേ കാര്യമില്ല. കാരണം തിരുവെഴുത്തിൽ ആ സഭയെ ചിത്രീകരിച്ചിട്ടു്.

ക്രിസ്തുവിന്റെ സഭയെക്കുറിച്ചു നമുക്കു ആവശ്യമുള്ളതും നാം അറിയേതുമായ എല്ലാ വിവരങ്ങളും പുതിയ നിയമ തിരുവെഴുത്തിൽ രേഖപ്പെടുത്തിയിട്ടു്. ഉദാഹരണമായി ആരാണ് അതിന്റെ സ്ഥാപകൻ, അതിന്റെ അടിസ്ഥാനം എന്ത്? അത് എവിടെ തുടങ്ങി, അതറിയപ്പെടുന്ന നാമം, അതിന്റെ തല, അതിന്റെ രക്ഷകൻ, അതിനു കൊടുത്ത വില അതിലെ അംഗങ്ങളെ അറിയപ്പെടുന്നതും നിബന്ധനകളും, അതിന്റെ സംഘടന, ആരാധന, പ്രവൃത്തികൾ തുടങ്ങിയവ വളരെ വ്യക്തമായി പ്രതിപാദിച്ചിട്ടു്. നാം മനസ്സിലാക്കേതും വിശ്വസിക്കേതും അനുസരിക്കേതും ഈ ആധികാരിക രേഖകളാണ്.

നമുക്കു ആദ്യം മത്തായി 16:17-19 നോക്കാം. അവിടെ അപ്പൊസ്തലന്മാരും യേശുവും തമ്മിലുള്ള സംഭാഷണം തുടരുകയാണ്. പത്രൊസും മറ്റു അപ്പൊസ്തലന്മാരും യേശുക്രിസ്തു ആരാണെന്നു പ്രസ്താവിച്ച ശേഷം തുടരുന്നു. "യേശു അവനോടു (പത്രൊസിനോടു) ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു

ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു ഈ പാറ മേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു ഉത്തരം പറഞ്ഞു". ഇവിടെ ക്രിസ്തു വാഗ്ദാനം ചെയ്തതു ഞാൻ എന്റെ സഭയെ പണിയും എന്നാണ്. സഭ അവന്റേതാണെന്നും പറയുന്നു്.

അടുത്തതു യേശു പണിയുമെന്നു പറഞ്ഞ സഭയുടെ അടിസ്ഥാനം നമുക്കു നോക്കാം. പത്രൊസും മറ്റും യേശു ദൈവപുത്രനാണെന്നു ഏറ്റു പറഞ്ഞശേഷം കർത്താവു പറഞ്ഞു, ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും എന്ന്. അതിനർത്ഥം ഏറ്റുപറച്ചിലിന്മേൽ അവൻ സഭ പണിയുമെന്നർത്ഥം. അതുകൊ് സഭ പണിയുന്നതു പത്രൊസിന്മേലല്ല, ക്രിസ്തുവിന്മേൽ അത്രേ. ഈ ദിവസം വരെ സഭ നിലകൊള്ളുന്നതു ആ ഒരൊറ്റ അടിസ്ഥാനത്തിന്മേലത്രെ. പൗലൊസു പറയുന്നതു ശ്രദ്ധിക്കുക, "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴിയുകയില്ല" (1 കൊരിന്ത്യർ 3:11). ആകയാൽ സഭയുടെ അടിസ്ഥാനം എന്താണെന്ന കാര്യത്തിൽ സംശയമുോ? ഒരിക്കലുമില്ല.

അടുത്ത ചോദ്യം സഭ എവിടെ ആരംഭിച്ചു എന്നതാണ്. ഈ ചോദ്യത്തിനുള്ള ഉത്തരവും പുതിയ നിയമം വായിച്ചാലേ മനസ്സിലാകയുള്ളു. ആദ്യത്തെ നാലു പുസ്തകങ്ങളിൽ രാജ്യം/ സഭ എന്ന വാക്കു ഉപയോഗിച്ചിരിക്കുന്നതു ആസന്നമായിട്ടാണ്. എന്നാൽ പ്രവൃത്തികളുടെ പുസ്തകത്തിലാണ് അതിന്റെ ആവിർഭാവവും കാലവും സൂചിപ്പിച്ചിരിക്കുന്നത്. തന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവക്കു ശേഷം പ്രത്യക്ഷനായി ക്രിസ്തു തന്റെ ശിഷ്യന്മാരോടു ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ, വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നു പറഞ്ഞു (മർക്കൊസ് 16;15,16). വീും അവൻ അവരോടു യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോടു പിതാവിൽ നിന്നു കേട്ടതായ പരിശുദ്ധാത്മാവിന്റെ ശക്തി എന്ന വാഗ്ദാനം പ്രാപി

ക്കുവോളം അവിടെത്തന്നെ പാർപ്പിൻ എന്നു പറഞ്ഞിരുന്നു (പ്രവൃത്തികൾ 1:8). പിന്നെ നാം പ്രവൃത്തികളുടെ പുസ്തകത്തിലേക്കു തിരിയുമ്പോൾ, പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരിക്കുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യെഹൂദന്മാർ അവിടെ പെന്തെക്കൊസ്തു പെരുന്നാൾ ആഘോഷിക്കാൻ വന്നിരുന്നു. അപ്പോൾ അപ്പൊസ്തലന്മാരിൽ പരിശുദ്ധാത്മാവു പകരുകയും അവർ അന്യഭാഷകളിൽ ദൈവത്തിന്റെ വൻ കാര്യങ്ങളെ പ്രസ്താവിക്കയും ചെയ്തു. പത്രൊസിന്റെ പ്രസംഗം അവസാനിപ്പിച്ചപ്പോൾ മൂവായിരം പേർ സ്നാനമേറ്റു.

കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർക്കുകയും ചെയ്തു. അപ്പോൾ ക്രിസ്തുവിന്റെ സഭ ആരംഭിക്കുന്നതു യെരുശ്ശലേമിലാണ്. അതു പ്രവചന നിവർത്തീകരണമായിരുന്നു. പ്രവൃത്തികൾ 2-ലെ സംഭവം നടന്നതു ചരിത്രകാരന്മാരുടെ കണക്കനുസരിച്ചു എ.ഡി. 33-ൽ ആണ്. കർത്താവിന്റെ സഭ ആരംഭിക്കുന്നത് വചന പ്രകാരമാണ്. ആ സഭയാണ് കർത്താവിന്റേത് എന്നു നമുക്കു തീർത്തു പറയാം. വചനപ്രകാരമല്ലാത്തതെന്തും മനുഷ്യനിർമ്മിതമാണ്. ശരിയായ സ്ഥലത്തും ശരിയായ സമയത്തുമാണ് കർത്താവ് തന്റെ സഭ പണിയുന്നത്. അതിനു മുൻപോ അതിനു ശേഷമോ തുടങ്ങിയ സഭ കർത്താവിന്റേതല്ല.

ക്രിസ്തുവിന്റെ സഭയുടെ തല ക്രിസ്തുവാണ് (കൊലൊസ്യർ 1:18). ക്രിസ്തുവിന്റെ നാമത്താലാണ് അവന്റെ സഭ അറിയപ്പെടുന്നത്. കാരണം സഭ അവന്റേതാണ്. ക്രിസ്തു തന്റെ രക്തം കൊടുത്തു സമ്പാദിച്ച സഭ പ്രാധാന്യമുള്ളതാണെന്നു വ്യക്തം (പ്രവൃത്തികൾ 20:28). സഭയിലെ അംഗങ്ങളെ ക്രിസ്ത്യാനികൾ (പ്രവൃത്തികൾ 11:26; 1 പത്രൊസ് 4:16) എന്നു വിളിക്കപ്പെടുന്നു. രക്ഷ ക്രിസ്തുവിന്റെ നാമത്തിൽ മാത്രമാണ് നാം വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു ക്രിസ്തുവിന്റെ നാമത്തിലായിരിക്കണം (കൊലൊസ്യർ 3:17).

എങ്ങനെ ആളുകൾക്കു ആ സഭയിൽ പ്രവേശിക്കാം എന്നു അറിഞ്ഞിരിക്കണം. കർത്താവ് പറഞ്ഞതു സുവിശേഷം കേട്ടു വിശ്വസിക്കയും, മാനസ്സാന്തരപ്പെട്ടു ക്രിസ്തു ദൈവപുത്രനെന്നു

ഏറ്റുപറഞ്ഞ് പാപമോചനത്തിനായി സ്നാനമേല്ക്കുകയും വേണം എന്നാണ്. ഇത്രയും മനുഷ്യർ ചെയ്യുമ്പോൾ കർത്താവു അവരുടെ പാപങ്ങൾ മോചിപ്പിച്ചു രക്ഷിക്കുന്നു. ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവു രക്ഷിക്കയും രക്ഷിക്കപ്പെടുന്നവരെ അവൻ സഭയോടു ചേർക്കുകയും ചെയ്യും (പ്രവൃത്തികൾ 2:47). ഇതു വളരെ വ്യക്തവും ലളിതവുമായ സത്യമാണ്. ഇതാണ് എല്ലാ മനുഷ്യരും അനുസരിക്കേതും. നമ്മുടെ ജീവനും ഭക്തിക്കും വേിയത് ഒക്കെയും വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. എന്നിട്ട് പറയുന്നത് എഴുതിയിരിക്കുന്നതിനപ്പുറം ഭാവിക്കാതിരിപ്പാൻ സുക്ഷിച്ചുകൊൾവിൻ എന്നത്രെ.

✶

## പ്രാർത്ഥനയുടെ മാതൃക

### ജിം ഇ. വാൾട്രൻ

**മുഖവുര**

നമ്മുടെ കർത്താവ് തന്റെ ശുശ്രുഷാകാലത്ത് ശിഷ്യൻമാർക്ക് പ്രാർത്ഥനയുടെ ഒരു മാതൃക പറഞ്ഞുകൊടുത്തിരുന്നു. അത് ഇപ്രകാരമായിരുന്നു. നിങ്ങൾ ഈവ്വണ്ണം പ്രാർത്ഥിപ്പിൻ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭുമിയിലുമാകേണമേ. അന്നന്നത്തേക്കുള്ള ആഹാരം ഞങ്ങൾക്കു തരേണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ ഞങ്ങളോട് ക്ഷമിക്കണെമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദുഷ്ടനിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതല്ലോ" ആമേൻ (മത്തായി 6:9–13).

**1. പൊതു അവലോകനം**

കർത്താവ് മരിച്ചു ഉയിർത്തെഴുന്നേല്ക്കുന്നതിനു മുമ്പ് തന്റെ ശിഷ്യന്മാർക്ക് പ്രാർത്ഥിക്കുന്നതിന് പറഞ്ഞുകൊടുത്ത ഒരു മാക്യകയാണിതെന്നു മനസ്സിലാക്കാം. മത്തായിയുടെ സുവിശേ

ഷത്തിൽ പറയുന്നത് ഇപ്രകാരമാണ്. കർത്താവ് നമ്മോടു പറഞ്ഞു നിങ്ങൾ ഇവ്വണ്ണം പ്രാർത്ഥിക്കണം. മറ്റൊരവസരത്തിൽ ലൂക്കോസ് ഇപ്രകാരം പറയുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ മേൽപറഞ്ഞ പ്രാർത്ഥന ചൊല്ലേണം (ലൂക്കോസ് 11:1-4). മത്തായി സുവിശേഷം 6-ാം അദ്ധ്യായത്തിൽ നിയമപ്രകാരമുള്ള പ്രാർത്ഥനയെ സംബന്ധിച്ചു പറയുമ്പോൾ കർത്താവു പറയുന്നത് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. തുടർച്ചയായി ഉരുവിട്ടുകൊിരിക്കാനുള്ള ഒരു പ്രാർത്ഥനയല്ല കർത്താവ് തന്നിരിക്കുന്നത്. മാനുഷിക സമ്പ്രദായപ്രകാരം തുടർച്ചയായി ഇപ്രകാരം ഉരുവിടുന്നവരെ കർത്താവു ശിക്ഷിക്കുമെന്നു മാത്രമല്ല അവർ കർത്താവിന്റെ വചനം മറന്നുകളയുന്നവർ ആണെന്നും അവർ മനസ്സിലാക്കുന്നില്ല. അപ്രകാരം ചെയ്യുന്നതുകൊ് വലിയവനായ ദൈവം വിശ്വാസികൾ തങ്ങളുടെ പ്രാർത്ഥനയിൽ വളർച്ച പ്രാപിക്കാൻ ഉദ്ദേശിച്ചു നൽകിയ ഈ മാതൃക ദൈവമക്കൾ അന്യമാക്കിക്കളയുന്നു.

2. പെന്തെക്കൊസ്തിനു മുമ്പുള്ളവരോട് നിന്റെ രാജ്യം വരണമെ എന്ന് പ്രാർത്ഥിക്കുവാൻ നിർദ്ദേശിച്ചിരിക്കുന്നു. പിന്നീട് പത്രൊസ് ഒന്നാമത്തെ പെന്തെക്കൊസ്തു ദിവസം പ്രസംഗിച്ചപ്പോൾ 3000 പേർ സ്നാനപ്പെട്ട് രക്ഷിക്കപ്പെട്ട് സഭയായ രാജ്യത്തോടു ചേർന്നു. അങ്ങനെ ദൈവരാജ്യം അഥവാ സഭ ലോകം മുഴുവൻ വ്യാപിക്കേണമേ എന്നാണ്. പെന്തെക്കൊസ്തിനു ശേഷം സുവിശേഷകനായ ഫിലിപ്പോസ് ശമര്യയിൽ ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ചപ്പോൾ സ്ത്രീകളും പുരുഷന്മാരും സ്നാനമേറ്റ് സഭയോടു ചേർന്നു. യോഹന്നാൻ വെളിപ്പാട് എഴുതുമ്പോൾ താൻ ദൈവരാജ്യവും സഹിഷ്ണുതയും നിമിത്തമാണ് പ്രബോധിപ്പിക്കുന്നതെന്ന് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു.

3. മത്തായിയുടെ സുവിശേഷത്തിൽ കർത്താവു പഠിപ്പിച്ച മാതൃക പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ വ്യക്തിപരമായി ആമേൻ എന്നു പറയുന്നു. അതിനു ശേഷം താൻ സ്വർഗ്ഗത്തിലേക്ക് കരേറിപോകുന്നതിന് മുൻപായി തന്റെ ശിഷ്യന്മാരോട് പറഞ്ഞത് "അന്നാളിൽ നിങ്ങൾ എന്നോടൊന്നും ചോദിക്കയില്ല. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു നിങ്ങൾ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ എന്റെ നാമ

ത്തിൽ നിങ്ങൾക്കു തരും." നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കും (16:26) ആയതിനാൽ നാം നമ്മുടെ പ്രാർത്ഥനകളും അപേക്ഷകളും ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനായ യേശു മുഖാന്തിരം പിതാവിനോട് അറിയിക്കണം. ഒരു മനുഷ്യസ്ത്രീയായ മറിയയ്ക്ക് ദൈവീകത്വം കല്പിച്ചുകൊ് മറിയയെ മദ്ധ്യസ്ഥ.യാക്കി അവർ മുഖാന്തിരം ദൈവത്തോടു പ്രാർത്ഥിക്കുന്നത് വചനവിരുദ്ധമാണ്. ഒരു മനുഷ്യനോടോ മനുഷ്യൻ മുഖാന്തിരമോ പ്രാർത്ഥിക്കുന്നത് വിഗ്രഹാരാധനയാണ്. പുരോഹിതന്മാരും മറ്റു ചിലരും നേരിട്ട് യേശുവിനോട് പ്രാർത്ഥിക്കുന്നത്, അവർ കർത്താവു പഠിപ്പിച്ചതായ കാര്യങ്ങളെ മറന്നുകളയുന്നതുകൊാണ്. അപ്പൊസ്തല പ്രവർത്തി 7:59 ലെ സ്തെഫാനൊസിന്റെ പ്രാർത്ഥന നമുക്ക് ബാധകമായിട്ടുള്ളതല്ല. എന്തുകൊന്നൊൽ ആ പ്രത്യേക സാഹചര്യത്തിൽ പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് യേശു നില്ക്കുന്നതായി അവൻ കാണുന്നു. യേശു നമ്മുടെ മഹാ പുരോഹിതനാണ് (എബ്രാ 8:1) കർത്താവിന്റെ രാജ്യമായ സഭയിൽ ജനങ്ങളുടെ മദ്ധ്യസ്ഥന്മാരായി നില്കുന്ന പുരോഹിത വർഗ്ഗം ഇല്ല. വെളിപ്പാട് 1:10-ൽ പറയുംപ്രകാരം യേശു നമ്മെ പുരോഹിതന്മാരായി തീർത്തിരിക്കുകയാണ്. കർത്താവിന്റെ സഭയാകുന്ന രാജ്യത്തിൽ വിശ്വാസികളാകുന്ന നാമാണ് പുരോഹിതന്മാർ. 1 പത്രൊസ് 2:9-ൽ പറയുംപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിത വർഗ്ഗവും, അവന്റെ രാജ്യമായ സഭയിൽ നാം ശുശ്രുഷ ചെയ്യുന്നതിനാൽ നാം രാജകീയ പുരോഹിതന്മാരാണ്. ആയതിനാൽ നമുക്ക് ധൈര്യത്തോടെ യേശു മുഖാന്തിരം കൃപാസനത്തോട് അടുത്ത് ചെല്ലാം (എബ്രാ 4:14-16).

### പ്രാർത്ഥിക്കുമ്പോൾ ശ്രദ്ധിക്കേ പത്ത് കാര്യങ്ങൾ

1. പിതാവായ ദൈവത്തെ അഭിസംബോധന ചെയ്യണം
2. ദൈവനാമത്തിനു മഹത്വം കൊടുക്കണം
3. ദൈവ രാജ്യത്തിന്റെ വ്യാപ്തിയ്ക്കു വേ പ്രാർത്ഥിക്കണം
4. സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ദൈവയിഷ്ടം നടക്കുവാൻ വേ പ്രാർത്ഥിക്കണം
5. ഓരോ ദിവസത്തേയും ആഹാരത്തിനായി പ്രാർത്ഥിക്കണം

6. ക്ഷമിക്കുവാൻ വേി പ്രാർത്ഥിക്കണം
7. സാത്താന്റെ ശക്തികളിൽ നിന്നും വിടുതൽ ലഭിക്കുന്നതിനായി പ്രാർത്ഥിക്കണം.
8. ദൈവത്തിന്റെ മഹത്വത്തെയും അധികാരത്തേയും അംഗീകരിച്ചുകൊു പ്രാർത്ഥിക്കണം.
9. യേശുവിന്റെ നാമത്തിൽ അപേക്ഷിക്കണം
10. ആമേൻ പറയണം.

## 1. ദൈവത്തെ അഭിസംബോധന ചെയ്യണം

നമ്മുടെ പിതാവായ ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നവനും നമ്മുടെ രക്ഷകനുമാണ്. അതുകൊാണ് നാം അവനെ സ്വർഗ്ഗീയ പിതാവെന്ന് അഭിസംബോധന ചെയ്യുന്നത്. നമുക്കെല്ലാം ജഡികമായ അവസ്ഥയിൽ പിതാക്കന്മാരു്. നാം അവരെ ബഹുമാനിക്കണം. എന്നാൽ നമുക്കെല്ലാം ഒരു ആത്മീയ പിതാവു്. പിതാവെന്ന് വിശേഷിപ്പിച്ചുകൊ് പലരും സ്വയം ഉയർത്തുന്നത് പാപവും ദൈവത്തിന് നിരക്കാത്തതുമാണ്. മത്തായിയുടെ സുവിശേഷം 23:9-ൽ പറയുന്നത് ഇപ്രകാരമാണ് "ഭൂമിയിൽ ആരേയും പിതാവെന്നു വിളിക്കരുത് ഒരുത്തനത്രെ നിങ്ങളുടെ പിതാവ്. അവൻ സ്വർഗ്ഗത്തിൽ വസിക്കുന്നു." പുരോഹിതന്മാർ പിതാവെന്നുള്ള ദൈവത്തിന്റെ നാമം അവരുടെ പാരമ്പര്യ സമ്പ്രദായ പ്രകാരം അപഹരിച്ചെടുത്തിരിക്കുന്നു. എന്നാൽ കർത്താവ് മർക്കോസ് 7:9-ൽ പറയുന്നു "നിങ്ങളുടെ സമ്പ്രദായങ്ങളെ പ്രമാണിപ്പാൻ വേി ദൈവകല്പനകളെ തള്ളികളയുന്നതു നന്നായി."

## 2 ദൈവനാമത്തിനു മഹത്വം കൊടുക്കുക

ദൈവം വിശുദ്ധനാണ്. ആയതിനാൽ അവന്റെ നാമത്തെ മഹത്വപ്പെടുത്തണം. ദൈവസിംഹാസനത്തിനു ചുറ്റും നിന്നുകൊ് സാറാഫുകൾ (ദൂതന്മാർ) സർവ്വശക്തിയുള്ള ദൈവം പരിശുദ്ധൻ പരിശുദ്ധൻ എന്ന് രാപ്പകൽ വിശ്രമം കുടാതെ പറഞ്ഞുകൊിരിക്കുന്നു. നെഹമ്യാവിന്റെ കാലത്ത് ലേവ്യ പുരോഹിതന്മാർ പറഞ്ഞത് നിങ്ങൾ എഴുന്നേറ്റ് നിങ്ങളുടെ ദൈവമായ യഹോവയെ വാഴ്ത്തുവിൻ. സകല പ്രശംസയ്ക്കും സ്തുതിക്കും മീതെ ഉയർന്നിരിക്കുന്ന നിന്റെ മഹത്വമുള്ള നാമം വാഴ്ത്തപ്പെടുമാറാകാട്ടെ എന്നാണ്.

3. മുഖവുരയിൽ പറഞ്ഞിരിക്കുന്നതു പോലെ ക്രിസ്തുവിന്റെ രാജ്യം മർക്കൊസ് 9:1-ൽ വാഗ്ദത്തം ചെയ്തതു പോലെ വന്നുകഴിഞ്ഞു. അത് അപ്പൊസ്തല പ്രവൃത്തി 2:33-41 യുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ഉറപ്പിക്കുന്നു. ഒന്നാം നൂറ്റാിൽ അപ്പൊസ്തലനായ പൗലൊസ് അക്കാര്യത്തിന്റെ നിവൃത്തിയെക്കുറിച്ച് വ്യക്തമാക്കുന്നു. അന്ധകാരത്തിന്റെ ബന്ധനത്തിൽ നിന്നും വീടുവച്ചു ക്രിസ്തുവിന്റെ സ്നേഹത്തിൽ അവന്റെ രാജ്യത്തിൽ നമ്മെ ആക്കി വെച്ചിരിക്കുന്നു (കൊലൊസ്യർ 1:13).

ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊ് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കുടെ സേവ ചെയ്ക. അങ്ങനെ ദൈവരാജ്യം ഭുമിയിൽ നിറയുവാനായി നാം പ്രാർത്ഥിക്കണം.

.യാചനകൾ മദ്ധ്യസ്ഥതകൾ, മനുഷ്യനു വേിയുള്ള നന്ദി വാചകങ്ങൾ 1 തിമൊഥെയൊസ് 2:1-ൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം അപേക്ഷിക്കേതാണ്. യേശുവിനെ അറിയാത്തവരായി അറുനൂറു കോടി ജനങ്ങൾ ഭുമിയിൽ ു്.

യേശു കർത്താവു കല്പിച്ചതു പോലെ കൊയ്ത്തു വളരെ ു് സത്യം വേലക്കാരൊ ചുരുക്കം. കൊയ്ത്തിന്റെ യജമാനനോട് വേലക്കാർക്കായ് അപേക്ഷിപ്പിൻ (മത്തായി 9:37,38) ദൈവഹിതം എന്നതോ സകല മനുഷ്യരും രക്ഷിക്കപ്പെട്ട് ദൈവീക പരിജ്ഞാനത്തിൽ ആയി തീരണം എന്നുള്ളതാണ് (1 തിമൊഥെയൊസ് 2:4).

4. **ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ എന്നു പ്രാർത്ഥിക്കണം**

രാജാക്കന്മാർക്കു വേിയും പ്രസിഡന്റ്മാർക്ക് വേിയും പ്രധാനമന്ത്രിമാർക്കു വേിയും പ്രാർത്ഥിക്കണം. അപ്രകാരം ശാന്തവും സമാധാനവുമായ ദൈവിക സമാധാനം ഭുമിയിൽ ഉടലെടുക്കുവാൻ ഇടയാകും (1 തിമെഥെയൊസ് 2:2). നമ്മുടെ ജീവിതത്തിലും ദൈവീക ഇഷ്ടം നിറവേറപ്പെടുവാൻ കാരണമാകണം.

5. **ഞങ്ങൾക്ക് അന്നന്നത്തേയ്ക്ക് ആവശ്യമുള്ള ആഹാരം തരേണമേ എന്നു പ്രാർത്ഥിക്കണം**

ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതെ നിത്യവൃത്തി തന്ന് എന്നെ പോഷിപ്പിക്കേണമേ എന്നു പ്രാർത്ഥിക്കണം. ദൈവശക്തിയോടു കൂടിയുള്ള അല്പം ഏറെ നല്ലത്. ധനവാനാകാൻ ആഗ്രഹിക്കുന്നവൻ നാനാവിധ പരീക്ഷകളിൽ അകപ്പെട്ട് തനിക്കു തന്നെ അനർത്ഥം ക്ഷണിച്ചുവരുത്തുന്നു. (1 തിമൊഥെയൊസ് 6:6-9) ഭൗതികാവശ്യങ്ങൾക്കായി ദൈവത്തോട് നിരന്തരം യാചിക്കണം. യേശുവിന്റെ നാമത്തിൽ നിരന്തരം സ്തുതിക്കണം (എഫെസ്യർ 5:20).

1) പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾക്ക് ഉപരിയായി ദാരിദ്ര്യത്തിലും ദുഃഖത്തിലും വരൾച്ചയിലും യുദ്ധത്തിലും ആയിരിക്കുന്നവരെ നാം ഓർക്കണം.

2) അനാഥരേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്നു കാണണം. (യാക്കൊബ് 1:27)അപ്രകാരമുള്ളവർക്ക് വേി പ്രാർത്ഥിക്കണം (സങ്കീർത്തനങ്ങൾ 146:9) ആവർത്തനം 10:18.

3) രോഗികൾക്കും, മുടന്തർക്കും, ദുഃഖമനുഭവിക്കുന്നവർക്കും വേി പ്രാർത്ഥിക്കണം (യാക്കോബ് 5:13). നിങ്ങൾ മനുഷ്യരോട് അവരുടെ പിഴകളെ ക്ഷമിച്ചാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവും മനുഷ്യരുടെ പിഴകളെ ക്ഷമിക്കും. നിങ്ങൾ മനുഷ്യരുടെ പിഴകളെ ക്ഷമിക്കാഞ്ഞാലോ പിതാവും നിങ്ങളുടെ പിഴകളേയും ക്ഷമിക്കുകയില്ല (മത്തായി 6:14,15).

4) നമ്മുടെ പിഴകളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

**7. നാം പ്രാർത്ഥിക്കുമ്പോൾ അന്യോന്യം പിഴകൾ ക്ഷമിക്കണം.** അതു നിങ്ങളുടെ മുറിവുകളെ ഭേദമാക്കും (യാക്കൊബ് 5:16) എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനു വേി ഒരുവൻ പ്രാർത്ഥിപ്പിൻ നീതിമാന്റെ പ്രാർത്ഥന വളരെ ഫലിക്കുന്നു.

**8. ദുഷ്ടതയിൽ നിന്നുള്ള വിടുതലിനായി പ്രാർത്ഥിക്കണം.** ദൈവം തന്റെ ഭക്തന്മാരെ സംരക്ഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. എങ്കിലും ചില സന്ദർഭങ്ങളിൽ പരീക്ഷക്കായി അനുവദിക്കുന്നു (എബ്രായർ 12:5,6) മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്. അവൻ ശാസിക്കുന്നവനെ ശിക്ഷിക്കുന്നു. അവൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു. എന്നിങ്ങനെ മക്കളോട് എന്ന പോലെ നിങ്ങളോടും സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നുകളഞ്ഞുവോ. അബ്രഹാമിന്റേതായ മാതൃക ഉദാഹരണമായി കാണുക. ഉല്പത്തി 22:1-9 അപ്രകാരം ഇയ്യോബിന്റെ കഷ്ടതകൾ ഇയ്യോബ് 1,2,4,2 അദ്ധ്യായങ്ങളിൽ കാണാം. യാക്കോബ് 5:11-ൽ പറയുന്ന സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാരെന്നു പുകഴ്ത്തുന്നു. ഇയ്യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവ് വരുത്തിയ അവസാനം കുമിരിക്കുന്നു. കർത്താവ് മഹാ കരുണയും മനസ്സലിവും ഉള്ളവനല്ലയോ (ഇയ്യോബ് 1:8-12, 2:4-10, 3:17, റോമ 8:22). അതുകൊ് നമ്മുടെ ജീവിതത്തിൽ അനുഗ്രഹത്തോടുകൂടെ കഷ്ടതകളും ഉ് (മർക്കൊസ് 10:12).

**8. ദൈവത്തിന്റെ രാജ്യവും ശക്തിയും മഹത്വവും അറിയുക** (മത്തായി 6:13) യേശുകർത്താവ് അരുളിചെയ്യുന്നു രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു (എഫേസ്യർ 3:21) എല്ലാ യുഗങ്ങളിലും അന്ത്യമില്ലാത്ത ദൈവീക മഹത്വം വെളിപ്പെടുത്തുന്നു. സാറാഫുകളും (ജീവനുള്ള ജീവികൾ) 24 മുപ്പന്മാരും വിശ്രമമില്ലാതെ വിളിച്ചു പറയുന്നത് "നീ മാത്രം സകല മഹത്വത്തിനും ബഹുമാനത്തിനും അധികാരത്തിനും യോഗ്യൻ (വെളിപാട് 4:11). നമ്മുടെ പ്രാർത്ഥനയിൽ പിതാവായ ദൈവത്തിന്റെ ദൈവീക മഹത്വങ്ങളെ ഓർത്ത് നാം സ്തുതിക്കണം.

**9. യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം**

മുകളിൽ പറഞ്ഞതു പോലെ മഹാപുരോഹിതനായ യേശുവന്റെ നാമത്തിൽ നമ്മുടെ പ്രാർത്ഥനകളെ പിതാവിങ്കൽ അർപ്പിക്കണം (എബ്രാ. 4:14,16)

ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽ കൂടെ കടന്നുപോയൊരു ശ്രേഷ്ഠ മഹാപുരോഹിതനായി നമുക്കുള്ളതുകൊ് നാം നമ്മുടെ സ്വകാര്യം മുറുകെ പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്നവനല്ലോ. പാപം ഒഴികെ സകലത്തിലും നമുക്ക് തുല്യനായ് പരീക്ഷിക്കപ്പെട്ടവൻ അത്രേ നമുക്കുള്ളത്. അതുകൊ് കരുണ ലഭിപ്പാനും തക്കസമയത്ത് സഹായത്തിനായുമുള്ള കൃപ പ്രാപിപ്പാനും ആയി നാം ധൈര്യത്തോടെ കൃപാസനത്തിങ്കലേക്കു അടുത്തുചെല്ലുക. യോഹന്നാൻ 16:26-ൽ യേശുകർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു എന്റെ നാമത്തിൽ യാചിക്കുന്നതൊക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടുത്തേതിന് നിങ്ങൾക്കു ചെയ്തുതരും.

### 10. ആമേൻ എന്നു പറയുന്നു

എബ്രായ ഭാഷയിൽ നിന്നുള്ള ഉദ്ധരണിയാണിത്. അതിന്റെ അർത്ഥം തീർച്ചപ്പെടുത്തുക ഉറപ്പാക്കുക എന്നാണത്രേ. 1 കൊരിന്ത്യർ 14:16 വാക്യത്തിൽ പറയുന്നു അല്ല നീ ആത്മാവു കൊ് സ്തോത്രം പറഞ്ഞാൽ ആത്മാവില്ലാത്തവൻ നീ പറയുന്നത് തിരിച്ചറിയാതിരിക്കേ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും.

1. പ്രാർത്ഥനയെക്കുറിച്ചുള്ള പത്തു പോയിന്റുകൾ മനപ്പാഠം ആക്കുക.
2. പ്രധാനപ്പെട്ട പോയിന്റ് പൊതു പ്രാർത്ഥനയിൽ ഉപയോഗിക്കുക.
3. മോഡൽ പ്രാർത്ഥന വിശദമാക്കുക.
4. പ്രസംഗിക്കുന്ന സമയത്ത് പ്രാർത്ഥിക്കരുത്.
5. പ്രാർത്ഥിക്കുന്ന വ്യക്തി എല്ലാവരും കേൾക്കെ ഉറക്കെ പ്രാർത്ഥിക്കുക.

✶

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday 6 am to 6.30 am

## On JAI HIND CHANNEL

കേൾക്കുക!

# സത്യനാദം

ബ്രദർ.

**പി.കെ വർഗ്ഗീസ്**

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India


From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378


To